# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4681      18.12.2014 -ലെ മറുപടിയ്ക്ക്

## അക്കാദമിക് സിറ്റിയുടെ പ്രവർത്തനങ്ങൾ

*ചോദ്യം*

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എ.കെ. ബാലൻ
,, എസ്. ശർമ്മ
ഡോ. കെ. ടി. ജലീൽ

*ഉത്തരം*

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അക്കാദമിക് സിറ്റി സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | (എ) (ബി) (സി) & (ഡി) | ഉണ്ട്. ദുബായ് അക്കാദമിക് സിറ്റിയുടെ മാതൃകയിൽ സംസ്ഥാനത്ത് ഒരു അക്കാഡമിക് സിറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസലർ, ആസൂത്രണ ബോർഡ് അംഗം ശ്രീ വിജയരാഘവൻ എന്നിവരടങ്ങിയ ഉന്നതതല സംഘം ദുബായ് അക്കാഡമിക് സിറ്റി സന്ദർശിച്ച് ബഹു. മുഖ്യ മന്ത്രിയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അക്കാഡമിക് സിറ്റി സ്ഥാപിക്കുന്നതിനു മുന്നോടിയായി ഒരു ആഗോള വിദ്യാഭ്യാസ സംഗമം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. അക്കാഡമിക് സിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച് മറ്റ് തീരുമാനങ്ങളൊന്നും കൈകൊണ്ടിട്ടില്ല. |
| (ബി) | ഇതിന്റെ ഘടനയും പ്രവർത്തന രീതിയും എങ്ങിനെയാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ; | | |
| (സി) | അക്കാദമിക് സിറ്റി സ്വകാര്യ മേഖലയിലാണോ ആരംഭിക്കുന്നത്; ഇതിൽ സർക്കാരിന് പങ്കാളിത്തമോ നിയന്ത്രണമോ ഉണ്ടാകുമോ; | | |
| (ഡി) | അക്കാദമിക് സിറ്റിയിലേക്കുള്ള, വിദേശ - സ്വദേശ സർവ്വകലാശാലകളുടെ കടന്നു കയറ്റം ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിലവിലുള്ള അക്കാദമിക് അന്തരീക്ഷത്തെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ? | | |

സെക്ഷൻ ഓഫീസർ